പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: **3457** — 23.06.2014 ൽ മറുപടിയ്ക്ക്

**മൂന്നാർ തോട്ടം തൊഴിലാളികളുടെ പണയ സ്വർണ്ണം ലേലം ചെയ്യതിനെതിരെയുള്ള നടപടി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എസ്. രാജേന്ദ്രൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) തോട്ടം തൊഴിലാളികളുടെ സ്വർണ്ണം പണയത്തിലെടുക്കുകയും പിന്നീട് ലേലത്തിൽ പോയതായി അറിയിക്കുകയും വിശദാംശങ്ങൾ നൽകാതിരിക്കുകയും ചെയ്യുന്ന മൂന്നാർ കാതോലിക്കേറ്റ് ബാങ്ക് മാനേജർക്കെതിരെ നിയമ നടപടി സ്വീകരിക്കുമോ; അല്ലാത്തപക്ഷം ഇതിനാവശ്യമായ നിയമനിർമ്മാണം നടത്തുമോ ; | (എ) ഇതു സംബന്ധിച്ച് ബഹു. ദേവികുളം എം.എൽ.എ. ശ്രീ. എസ്. രാജേന്ദ്രൻ മൂന്നാർ ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന് നൽകിയ പരാതി അന്വേഷണത്തിനായി മൂന്നാർ സബ് ഇൻസ്പെക്ടർക്ക് നൽകുകയും, അന്വേഷണത്തിൽ സ്വർണ്ണം പണയം വെച്ചിട്ട് ദീർഘകാലമായതും വായ്പയുടെ മുതലോ പലിശയോ വായ്പക്കാരൻ യഥാസമയം തിരിച്ചടയ്ക്കാതിരിക്കുകയും ഇക്കാര്യം നിയമാനുസൃതം യഥാസമയം വായ്പക്കാരന് ബാങ്കിൽ നിന്നും നോട്ടീസും മറ്റും നൽകിയ ശേഷമാണ് ലേല നടപടികളും മറ്റും സ്വീകരിച്ചതെന്ന് വെളിവായിട്ടുണ്ട്. ആയതിനാൽ മറ്റ് നിയമനടപടികൾ ബാങ്കിനെതിരെ സ്വീകരിച്ചിട്ടില്ല. |
| (ബി) മൂന്നാർ പോലീസിനെ കല്ലെറിയുകയും തല്ലുകയും ചെയ്ത ഏതാനും പേരെ പോലീസ് തിരിച്ചറിയുകയോ അറസ്റ്റ് ചെയ്യുകയോ ചെയ്തിട്ടുണ്ടോ; അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ? | (ബി) ഇതു സംബന്ധിച്ച് മൂന്നാർ പോലീസ് സ്റ്റേഷനിൽ രണ്ട് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ടി രണ്ട് കേസുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു. |

...2

1. മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 235/13 u/s 294(b), 323, 341, 332, 143, 147 r/w 149 IPC പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും അഞ്ച് പ്രതികളിൽ നാലുപേരെ അറസ്റ്റ് ചെയ്ത് കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ളതുമാകുന്നു.

2. മൂന്നാർ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ 238/13 u/s 143, 147, 148, 324, 332 r/w 149 IPC, 3(2)(c) of PDPP Act പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതും ഒൻപത് പ്രതികളിൽ ഏഴുപേരെ അറസ്റ്റ് ചെയ്തിട്ടുള്ളതുമാകുന്നു. കേസ് ഇപ്പോൾ അന്വേഷണാവസ്ഥയിലാണ്.

സെക്ഷൻ ഓഫീസർ